>> റിപ്പോർട്ട്

● ഫൈസൽ കൊച്ചി

# അറിവും അനുഭവവും ഒത്തുചേർന്ന സമ്മേളനം

**2008** ജനുവരി 12, 13, 14 തീയതികളിൽ പാലക്കാട് ജില്ലയിലെ പത്തിരിപ്പാലയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി കേരള ഹൽഖാ അംഗങ്ങളുടെ സമ്മേളനം, സംസ്ഥാനത്ത് ഇസ്‌ലാമിക പ്രസ്ഥാനം നടത്താനൊരുങ്ങുന്ന പുതിയ ചുവടു വെപ്പുകളെക്കുറിച്ച് ആഴത്തിൽ വിലയിരുത്തുന്നതായിരുന്നു. എം.വി സലീം മൗലവിയുടെ ഖുർആൻ ദർസോടെയാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. ഇസ്‌ലാമിക പ്രവർത്തകരുടെ ജീവിതത്തിൽ ഇരുട്ട് കയറിയിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണമെന്നും, ഇരുട്ടിൽ തപ്പിത്തടഞ്ഞ് നിലം പതിക്കുന്ന നിഷേധികളോടൊപ്പമോ, മുനാഫിഖുകളോടൊപ്പമോ ആകാതെ പ്രവാചകൻമാരോടൊപ്പം വെളിച്ചത്തിന്റെ പക്ഷത്ത് നിലയുറപ്പിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. സമ്മേളനനാസിം എം.ഐ അബ്ദുൽ അസീസ് നിർദേശങ്ങൾ നൽകി. സമ്മേളനത്തിൽ സംബന്ധിക്കേണ്ട അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസ്വർ ഉമരി കേരളത്തിലേക്കുള്ള യാത്രാമധ്യേ മംഗലാപുരത്ത് വെച്ചു രോഗബാധിതനാവുകയും ഡോക്ടർമാർ പൂർണ വിശ്രമം ആവശ്യപ്പെടുകയും ചെയ്ത വിവരം അംഗങ്ങളെ അറിയിക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്തു.

ജമാഅത്തെ ഇസ്‌ലാമി സെകട്ടറി ജനറൽ നുസ്‌റത്ത് അലി സമ്മേളനം ഉദ്ഘാടനം ചെയ്തു. അംഗങ്ങളുടെ ബാധ്യതകൾ ഓർമിപ്പിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. പ്രസ്ഥാനത്തെ ചലിപ്പിക്കുകയും പ്രസ്ഥാനത്തിലേക്ക് ജനങ്ങളെ ആകർഷിക്കുകയും ചെയ്യേണ്ടവരാണ് അംഗങ്ങൾ. പ്രാദേശിക ജമാഅത്തുകളാകണം പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തന കേന്ദ്രം. മുസ്‌ലിം സമൂഹത്തിന്റെ ശക്തിദൗർബല്യങ്ങളിലേക്ക് അദ്ദേഹം വിരൽ ചൂണ്ടുകയും സമുദായത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ലോകം ഉത്തരാധുനികതയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യക്തിതലത്തിൽ ആശയപ്രചാരണം നടത്തണമെന്നും സമൂഹത്തോടും രാജ്യത്തോടും പ്രബോധനദൗത്യം നിർവഹിക്കണമെന്നും ജീവിതത്തിൽ മാതൃക സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഹൽഖാ അമീർ ടി. ആരിഫലി അധ്യക്ഷപ്രസംഗം നിർവഹിച്ചു. ശഹ്റുല്ലാ എന്നു വിശേഷിപ്പിക്കപ്പെട്ട മുഹർറമാസത്തിലെ ആദ്യദിനങ്ങളിൽ തന്നെ സമ്മേളനം സംഘടിപ്പിക്കാൻ കഴിഞ്ഞത് സന്തോഷകരമാണെന്ന് അമീർ പറഞ്ഞു. കെ.എൻ അബ്ദുല്ല മൗലവി, അബുൽ ജലാൽ മൗലവി, ടി.കെ മുഹമ്മദ് തുടങ്ങി മരണമടഞ്ഞ എല്ലാ അംഗങ്ങൾക്ക് വേണ്ടിയും രോഗികളായി സമ്മേളനത്തിലെത്താൻ കഴിയാത്തവർക്ക് വേണ്ടിയും അമീർ പ്രാർഥിച്ചു. നമ്മുടെ പ്രസ്ഥാനം കാലഘട്ടത്തിന്റെ പ്രതീക്ഷയാണെന്നും പ്രതീക്ഷാനിർഭരമായ വഴി അല്ലാഹു നമുക്ക് തുറന്നു തന്നിരിക്കുകയാണെന്നും അമീർ പറഞ്ഞു. ആരിൽ നിന്ന് ഈ ലോകത്തെ രക്ഷിക്കണം എന്ന് തിരിച്ചറിയലാണ് പ്രവർത്തനങ്ങൾ വേരുപിടിക്കുന്നതിനുള്ള ശരിയായ മാർഗം. സോഷ്യലിസം ഇന്നത്തെ കാലഘട്ടത്തിൽ മുതലാളിത്തത്തെ ഒരു യാഥാർഥ്യമായി മനസ്സിലാക്കുമ്പോൾ മുതലാളിത്തത്തിന്റെ പ്രചോദന കേന്ദ്രമായ ഭൗതികതയെ ഏറ്റവും വലിയ ശത്രുവായി തിരിച്ചറിയുകയാണ് ഇസ്‌ലാം ചെയ്യുന്നത്. വിശുദ്ധഖുർആൻ അവതരിപ്പിക്കുന്നത് സമഗ്രമായ ഇസ്‌ലാമിനെയാണെന്നും നമ്മുടേതുപോലുള്ള ബഹുസ്വരസമൂഹത്തിൽ അത് നടപ്പാക്കാൻ പുതുമയുള്ള വഴി കണ്ടെത്തുകയാണ് വേണ്ടതെന്നും അമീർ പറഞ്ഞു. ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലി റിപ്പോർട്ട് അവതരിപ്പിച്ചു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ശക്തിദൗർബല്യങ്ങൾ അപഗ്രഥിക്കുകയും വിശദമായ ചർച്ചകൾക്ക് പ്രേരിപ്പിക്കുന്നതുമായിരുന്നു റിപ്പോർട്ട്. 'കേരളത്തിന്റെ ഭാവിരാഷ്ട്രീയവും ഇസ്‌ലാമിക പ്രസ്ഥാനവും' എന്ന തലക്കെട്ടിൽ നടന്ന ചർച്ചയായിരുന്നു ഉച്ചയ്ക്ക് ശേഷം നടന്നത്. ഹൽഖാ അമീർ ആമുഖപ്രഭാഷണം നിർവഹിച്ചു. വൈകിട്ട് 7.30-ന് 'ഇസ്‌ലാമിക പ്രസ്ഥാനം പുതിയകാലത്ത്' എന്ന വിഷയത്തിൽ കേന്ദ്ര ശൂറാംഗം ടി.കെ അബ്ദുല്ല നടത്തിയ പ്രഭാഷണത്തോടെ ആദ്യദിനപരിപാടികൾ സമാപിച്ചു.

സംസ്ഥാന സെക്രട്ടറി കെ.കെ സുഹ്റയുടെ ഹദീസ് ദർസോടെയാണ് രണ്ടാം ദിവസ പരിപാടികൾ ആരംഭിച്ചത്. ആദർശബന്ധത്തിന്റെ പ്രാധാന്യത്തിലേക്ക് അംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതായിരുന്നു ഹദീസ്ദർസ്. തുടർന്ന് 'തർബിയത്ത്; വ്യക്തിതലത്തിലും സാമൂഹിക-സാമ്പത്തികതലത്തിലും' എന്ന തലക്കെട്ടിൽ ശൂറാംഗം സി.ടി സാദിഖ് മൗലവി പ്രഭാഷണം നിർവഹിച്ചു. അംഗങ്ങളുടെ അന്വേഷണങ്ങൾക്ക് ജമാഅത്തെ ഇസ്‌ലാമി സെകട്ടറി ജനറൽ നുസ്‌റത്ത് അലി വിശദീകരണം നൽകി. 'തർബിയത്ത് തത്ത്വവും പ്രയോഗവും' എന്ന തലക്കെട്ടിൽ അംഗങ്ങളുടെ തുറന്ന ചർച്ച നടന്നു. അസിസ്റ്റന്റ് അമീർ എം.ഐ അബ്ദുൽ അസീസ് ആമുഖ പ്രഭാഷണം നിർവഹിച്ചു. ഉച്ചക്കു ശേഷം 'ജമാഅത്തെ ഇസ്‌ലാമി അംഗങ്ങളുടെ അവലോകനവും നിർദേശങ്ങളും' എന്ന വിഷയത്തിൽ നടന്ന പൊതുചർച്ചക്ക് അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരകുന്ന് ആമുഖം നടത്തി. മഗ്‌രിബ് നമസ്കാരത്തിന് ശേഷം മുതലാളിത്തം, പരിസ്ഥിതി, സ്ത്രീകളുടെ പദവി, കർമശാസ്ത്രം എന്നീ വിഷയങ്ങളിൽ ശൂറാംഗങ്ങളായ വി.കെ അലി, ടി.കെ

ഫാറൂഖ്, ഡോ. കൂട്ടിൽ മുഹമ്മദലി, കെ അബ്ദുല്ലാ ഹസൻ എന്നിവർ വിജ്ഞാന പ്രദമായ പ്രഭാഷണങ്ങൾ നടത്തി. പുതിയകാലത്ത് ഇസ്ലാമിക പ്രസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുന്നതായിരുന്നു പ്രസ്തുത പ്രഭാഷണങ്ങൾ.

മൂന്നാം ദിവസം കെ.എ ഖാസിം മൗലവിയുടെ ഖുർആൻ ദർസോടെയായിരന്നു തുടക്കം. സത്യമാർഗത്തിൽ ഉറച്ചുനിൽക്കേണ്ടതിന്റെ ആവശ്യകത ഖുർആൻ ദർസിൽ ഊന്നിപ്പറഞ്ഞു. 'ലോക ഇസ്ലാമിക പ്രസ്ഥാനങ്ങൾ പുതിയ സാഹചര്യത്തിൽ' എന്ന വിഷയത്തിൽ ഡോ. അബ്ദുസ്സലാം വാണിയമ്പലം പഠനക്ലാസ്സ് നയിച്ചു. മധ്യപൗരസ്ത്യ ദേശത്തെയും അറബ് രാജ്യങ്ങളിലെയും പാശ്ചാത്യ നാടുകളിലെയും ഇസ്ലാമിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെയും പുതിയ പരീക്ഷണങ്ങളെയും പരിചയപ്പെടുത്തുന്നതായിരുന്നു പ്രസ്തുത ക്ലാസ്. തുടർന്ന് ഇസ്ലാമിക പ്രസ്ഥാനത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് ബന്ധപ്പെട്ടവർ വിശദീകരണം നൽകി. ഇടതുപക്ഷ ജനാധിപത്യമുന്നണി തെറ്റുതിരുത്തുക, മുസ്ലിം സമൂഹം ഐക്യം ശക്തിപ്പെടുത്തുക, ഫാഷിസത്തിനെതിരിൽ മതേതരശക്തികൾ യോജിക്കുക എന്നീ പ്രമേയങ്ങൾ ശൂറാംഗം പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി അവതരിപ്പിച്ചു. തുടർന്ന് ഹൽഖാ അമീറിന്റെ സമാപനപ്രസംഗമായിരുന്നു. ഇസ്ലാമിക പ്രസ്ഥാനത്തിന് കരുത്ത് പകരുന്ന അഖിലേന്ത്യാതലത്തിലെയും കേരളത്തിലെയും പ്രസ്ഥാന നായകർക്ക് വേണ്ടി അമീർ പ്രാർഥിച്ചു. നമ്മുടെ പ്രസ്ഥാനം പുതിയവഴികളിലൂടെ സഞ്ചരിക്കുകയാണെന്നും അതിനു നാം സജ്ജരാവുകയാണ് വേണ്ടതെന്നും അമീർ ഉദ്ബോധിപ്പിച്ചു. ഈ സമ്മേളനം പുതിയലോകത്തെ നിർവചിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതിയലോകത്തിനാവശ്യമായ നയസമീപനങ്ങൾ സ്വീകരിക്കാൻ ഇസ്ലാമിന്ന് കെൽപ്പുണ്ടെന്നും, ഈ സാധ്യതകളെ ലോക ഇസ്ലാമിക പ്രസ്ഥാനങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്തുന്നുവെന്നും, പുതിയകാലത്തിലെ മുഖ്യവിഷയങ്ങളിൽ നമ്മുടെ നിലപാടുകൾ എന്താണെന്നും ഈ സമ്മേളനം ചർച്ച ചെയ്തു. ഊർജ്ജസ്വലതയോടെ ചുവടുവെപ്പുകൾ നടത്താൻ പ്രവർത്തകർ സന്നദ്ധരാകണമെന്ന് അമീർ ആവശ്യപ്പെട്ടു. അമീറിന്റെ പ്രാർഥനയോടെ സമ്മേളനം സമാപിച്ചു.

ആഗോളവൽക്കരണത്തിന്റെ പ്രതിഫലനമെന്നോണം സംഘടിതശക്തികൾ ദുർബലമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിലും ചിന്താപരമായ ഐക്യം നിലനിർത്തുന്ന ഭദ്രമായ കോട്ടകണക്കെയാണ് കേരളത്തിലെ ഇസ്ലാമിക പ്രസ്ഥാനമെന്ന് സമ്മേളനം തെളിയിച്ചു. വിജ്ഞാനപ്രദമായ പഠനക്ലാസ്സുകളും ഹൃദ്യമായ ചർച്ചകളും കൊണ്ട് സമ്പന്നമായിരുന്നു സമ്മേളനം. പഴയ തലമുറയുടെ സ്നേഹപ്രകടനങ്ങൾ വികാര നിർഭരമായിരുന്നു. നിറകണ്ണുകളോടെയാണ് പലരും സമ്മേളനത്തിൽ പങ്കെടുത്തത്. പുതുതലമുറയുടെ സാന്നിധ്യം പ്രതീക്ഷ നൽകുന്നതുമായി. മൗണ്ട്സീന സ്ഥാപന ഭാരവാഹികളും പാലക്കാട് ജില്ലയിലെ പ്രവർത്തകരും വളണ്ടിയർമാരും സമ്മേളനം വിജയിപ്പിക്കുന്നതിന് അത്യധ്വാനം ചെയ്യുകയുണ്ടായി. അല്ലാഹു അവർക്ക് അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ – ആമീൻ. ■

# സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

**● ഇടതുപക്ഷ സർക്കാർ തെറ്റുതിരുത്തുക**

വർധിച്ച ജനപിന്തുണയോടെയാണ് ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നത്. പക്ഷേ, സർക്കാർ ജനവിധി മാനിച്ചിട്ടില്ലെന്ന് മാത്രമല്ല, വിപരീത നിലപാട് പുലർത്തുക കൂടി ചെയ്യുന്നുവെന്നത് നിരാശാജനകമാണ്. മദ്യത്തിനെതിരെ ഫലപ്രദമായ ബോധവൽക്കരണം നടത്തുമെന്നത് തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. എന്നാൽ മദ്യം സർവ്വത്ര വ്യാപകമാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്ത് നയരാഹിത്യവും ആശയക്കുഴപ്പവും പ്രകടമാണ്. ഇടതുമുന്നണി പ്രഖ്യാപിത നിലപാടുകൾ വിസ്മരിച്ച് വകതിരിവില്ലാതെ വിദേശ മൂലധനം വാരിപ്പുണരുന്നതും അധിനിവേശ ശക്തികൾക്ക് പിടിമുറുക്കാൻ സഹായകമാവും വിധം വിദേശ സഹായങ്ങളും കടവും സ്വീകരിക്കുന്നതും പ്രബുദ്ധ കേരളത്തിന്റെ പ്രതീക്ഷയെ തകർത്തിരിക്കുകയാണ്. സാമ്രാജ്യത്വത്തെയും മുതലാളിത്തത്തെയും ചെറുക്കുന്നതിനുപകരം സോഷ്യലിസം വിദൂര സ്വപ്നമാണെന്നും മുതലാളിത്തമാണ് ഇനി അഭയമെന്നും പ്രഖ്യാപിക്കുന്നിടത്തോളം പിന്തിരിപ്പൻ നിലപാടിലേക്ക് തരം താഴ്ന്നിരിക്കുകയാണ് ഇടതുപക്ഷം. സർക്കാറിന് നേതൃത്വം നൽകുന്ന പ്രബല കക്ഷിയിലെ ആഭ്യന്തരപ്രശ്നങ്ങളും മുന്നണിക്കകത്തെ കലഹങ്ങളും സർക്കാറിന്റെ കാര്യക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്. രൂക്ഷമായ വിലക്കയറ്റമുൾപ്പടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാതെ തമ്മിൽതല്ലും കലഹവും തുടരുന്ന ഇടതുമുന്നണി തെറ്റു തിരുത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തണമെന്ന് ജമാഅത്തെ ഇസ്‌ലാമി അംഗങ്ങളുടെ സമ്മേളനം ആവശ്യപ്പെടുന്നു.

**● കേരള മുസ്‌ലിം ഐക്യശ്രമം സന്തോഷകരം**

വിദ്യാഭ്യാസമേഖലയുൾപ്പടെ വിവിധ മേഖലകളിൽ മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ മുസ്‌ലിം സംഘടനകൾക്കിടയിൽ ദൃശ്യമായിട്ടുള്ള സഹകരണ മനസ്സും ഐക്യശ്രമവും സന്തോഷകരമാണ്. ഈ ഐക്യശ്രമത്തെ കൂടുതൽ ഫലപ്രദമാക്കാനും വികസിപ്പിക്കാനുമുള്ള രചനാത്മക ശ്രമങ്ങൾ ഇനിയും തുടരേണ്ടതുണ്ട്. പൊതു പ്രശ്നങ്ങളിൽ യോജിക്കുമ്പോൾ സഹിഷ്ണുതയും പ്രതിപക്ഷ ബഹുമാനവും വളർത്തിയെടുക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. സമുദായത്തിന്റെ ആഭ്യന്തരസംസ്കരണം ലക്ഷ്യം വെച്ചുള്ള സദുദ്ദേശപരമായ നിരൂപണങ്ങൾ സഹിഷ്ണുതയോടെ കാണാനും ഉൾക്കൊള്ളാനും സാധിക്കണം. ലോകതലത്തിലും ദേശീയതലത്തിലും ഇസ്‌ലാമും മുസ്‌ലിംകളും അഭിമുഖീകരിക്കുന്ന ഗുരുതര പ്രശ്നങ്ങളാണ് അമേരിക്കൻ സാമ്രാജ്യത്വം, സിയോണിസ്റ്റ് ഭീകരത, വർഗ്ഗീയ ഫാഷിസം എന്നിവ. ഈ സാഹചര്യത്തെ നേരിടാൻ പാകമായ ഒരു മുൻഗണനാക്രമം രൂപപ്പെടുത്താൻ മുസ്‌ലിം സംഘടനകൾ ശ്രദ്ധിക്കേണ്ടതാണ്. ഒരു പൊതു അജണ്ടയുടെ അടിസ്ഥാനത്തിൽ നയനിലപാടുകൾ രൂപപ്പെടുത്തി ഐക്യശ്രമം ഫലവത്താക്കുകയാണ് വേണ്ടത്. കേരള മുസ്‌ലിം ഐക്യത്തിനുള്ള പുതിയ ശ്രമങ്ങൾക്ക് സമുദായത്തിലെ എല്ലാ മേഖലകളിൽ നിന്നും സഹകരണം ഉണ്ടാവുമെന്ന് ഈ സമ്മേളനം പ്രത്യാശിക്കുന്നു.

**● ഫാഷിസത്തിനെതിരെ മതേതര കക്ഷികൾ ഐക്യപ്പെടണം**

ഫാഷിസ്റ്റ് ശക്തികളുടെ വളർച്ച പ്രതിരോധം ഭേദിച്ച് തിരിച്ചു വരികയാണെന്ന ആശങ്ക ഉണർത്തുന്നതാണ് ഗുജറാത്ത്-ഹിമാചൽ പ്രദേശ് തെരഞ്ഞെടുപ്പു ഫലം. മതേതര വോട്ടുകൾ പല കാരണങ്ങളാൽ ഭിന്നിച്ചതാണ് ഈ സംസ്ഥാനങ്ങളിൽ ഫാഷിസ്റ്റുകൾക്ക് ഗുണകരമായത്. മതേതര കക്ഷികളെ ഏകോപിക്കുന്നതിന് നേതൃത്വം കൊടുക്കേണ്ട കോൺഗ്രസ്സ് പുലർത്തുന്ന മൃദുഹിന്ദുത്വം, ഫാഷിസത്തെ ചെറുക്കാൻ അപര്യാപ്തമാണെന്ന് മാത്രമല്ല, ഫാഷിസ്റ്റുകൾക്ക് ഗുണകരമായി തീരുകയുമാണ്. മതേതര കക്ഷികളെ ഒന്നിപ്പിച്ച് സുശക്തമായ നിര കെട്ടിപ്പടുക്കാൻ ഏറ്റവും വലിയ ഒറ്റ കക്ഷി എന്ന നിലയിൽ കോൺഗ്രസ്സിന് ബാധ്യതയുണ്ട്. ഈ ബാധ്യത നിർവ്വഹിക്കാതിരിക്കുന്നത് കൊണ്ടാണ് മൂന്നാമതൊരു ബദലിന് വേണ്ടി രാഷ്ട്രീയ കക്ഷികൾ വീണ്ടും ചിന്തിക്കാൻ ഇടവരുന്നത്. ഇത് മതേതര കക്ഷികളെ കൂടുതൽ ഭിന്നിപ്പിക്കുകയും ഫാഷിസ്റ്റുകൾക്ക് വഴി സുഗമമാക്കുകയും ചെയ്യും. ഫാഷിസത്തിനെതിരിലുള്ള ചെറുത്തുനിൽപ്പും കൂട്ടായ്മയും ശക്തമാക്കാൻ ഗുജറാത്ത് ഹിമാചൽ പ്രദേശ് തെരഞ്ഞെടുപ്പ് ഫലങ്ങൾ പാഠമാകേണ്ടതാണ്. ലോകസഭ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് മതേതര ശക്തികളുടെ ഏകീകരണത്തിന് വേണ്ടി വിവേകപൂർവ്വം പ്രയത്നിക്കാൻ മതേതരകക്ഷികളെ ആഹ്വാനം ചെയ്യുന്നു.